# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1743** 01-11-2019-ൽ മറുപടി നൽകേണ്ടത്

**<u>ഉന്നതവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ</u>**

<u>ചോദ്യം</u> <u>ഉത്തരം</u>

**ശ്രീ. സജി ചെറിയാൻ** : **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അക്കാഡമിക് തലത്തിൽ സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; | എ) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ സർവകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും പാഠ്യപദ്ധതികളും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുന:സംഘടിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| ബി) | അധ്യാപകരുടെ അധ്യാപന നിലവാരം കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ പരിശീലനത്തിലൂടെ ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെൻറർ ആരംഭിക്കണ |

| | | | |
|---|---|---|---|
| | | | മെന്നുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്. Humanities & Social Science, Science, Commerce and Management എന്നീ സ്കീമുകളിൽ ഫാക്കൽറ്റി ട്രെയിനിംഗ് സെൻററിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്കായി പരിശീലനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിനായി അക്കാദമിക മേന്മ, ഗവേഷണപരത, ബോധന വൈദഗ്ധ്യം എന്നിവയിൽ ഊന്നിയുള്ള പരിശീലന പരിപാടികൾ, അന്താരാഷ്ട്ര സ്വഭാവമുള്ള പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക എന്നീ ഫാക്കൽറ്റി ട്രെയിനിംഗുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. കൂടാതെ, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യുവേറ്റ് ആട്രിബ്യൂട്ടുകൾക്കും (GA) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരിക്കുന്നതിനായി പരിശീലനം നൽകി വരുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എഞ്ചിനീയറിങ് കോളേജ് അധ്യാപകർക്ക് വേണ്ടിയുള്ള വിവിധ പരിശീലന പരിപാടികൾ Faculty & Staff Development Training Centre എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലും നടത്തി വരുന്നു. പോളിടെക്ക്നിക് അധ്യാപകർക്കായി കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന SITTTR -ന്റെ ആഭിമുഖ്യത്തിൽ വൈവിധ്യപൂർണ്ണമായ പരിശീലന പരിപാടികൾ നടത്തിവരികയും NITTTR തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് അധ്യാപകരെ പരിശീലനത്തിന് അയക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ കൊമ്മേർഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ജി.ഐ.എഫ്.ഡി, ടെക്ക്നിക്കൽ ഹൈസ്കൂളുകൾ എന്നീ സ്ഥാപനങ്ങളിലെ അധ്യാപകർക്ക് വേണ്ടി ഐ.എം.ജി. വഴിയും വകുപ്പിൽ നിന്നും നേരിട്ടും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എഞ്ചിനീയറിങ് കോളേജുകളിലെ അധ്യാപകരുടെ നിലവാരം ഉയർത്തുന്നതിന് (QIP) എം.ടെക്/പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്നത്തിലേക്കായി വർഷം തോറും രാജ്യത്തെ വിവിധ ഐ.ഐ.ടി-കളിലും എൻ.ഐ.ടി-കളിലും ഐ.ഐ.എസ്.സി ബാംഗ്ലൂരിലും അയക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**